LIBRARY ARCHIVES Kerala Legislative Assembly

ജലാശയങ്ങളുടെ സ്വാഭാവിക വിസ്തൃതി

20(810) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞുവരുന്നത് ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ സ്വാഭാവിക വിസ്തൃതി നിലനിർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ജലാശയങ്ങളുടെ വിസ്തൃതി സംബന്ധിച്ച രാജഭരണകാലത്തെ പ്ലാനുകളും സർവ്വേ രേഖകളും ലഭ്യമാണോ; എങ്കിൽ ആയതുപ്രകാരം പ്രധാന കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) കായൽത്തീരങ്ങളിൽ ജലനിരപ്പിൽനിന്ന് എത്ര മീറ്റർ ദൂരമാണ് പുറമ്പോക്കായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാന പുരാരേഖ വകുപ്പിന്റെ രേഖാശേഖരത്തിൽനിന്നും കായലുകളുടെയും തടാകങ്ങളുടെയും സ്വാഭാവിക വിസ്തൃതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ വളരെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയില്ല. വകുപ്പിൽ ലഭ്യമായ വില്ലേജുകളുടെ ഭൂമി സംബന്ധമായ സ്കെച്ചുകളും, സെറ്റിൽമെന്റ് രജിസ്റ്ററുകളും മറ്റ് റവന്യൂ രേഖകളും മാപ്പുകളും ഒക്കെ വിശദമായി പഠിച്ചാൽ മാത്രമേ ഈ വിഷയത്തിന് മറുപടി കണ്ടെത്താനാകൂ. പുരാരേഖ വകുപ്പ്, ജലസേചന വകുപ്പ്, സർവ്വേ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനകളിൽ നിന്നും മാത്രമേ പ്രസ്തുത വിവരങ്ങൾ കണ്ടെത്താനാകുകയുള്ളൂ.

കൽപ്പറ്റ തരിയോട് ഗ്രാമ പഞ്ചായത്തിലെ ടൈബൽ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം

21(774) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് ഗ്രാമ പഞ്ചായത്തിലെ ടൈബൽ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;